
സത്യം അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 41 | ലക്കം 4 | 2013 നവംബർ 20

## സ്മരണാഞ്ജലി സന്ദേശം

### "സുഹൃത്തേ, എന്റെ ആത്മമിത്രമേ, നാം ബന്ധുക്കളാണെന്ന് തിരിച്ചറിയൂ"

ദർശനത്തിന്റെ സ്നേഹാദരപ്രണാമം. **25.11.2013**

കോടാനുകോടി നക്ഷത്രങ്ങൾ ഭ്രമണം ചെയ്യുന്ന അനന്താകാശം അതിൽ അടയാളപ്പെടുത്തുവാൻ പോലും വലിപ്പമില്ലാത്ത നമ്മുടെ സൗരയൂഥം. അതിലെ തേജസ്വിയായ കൊച്ചുസൂര്യന്റെ ഗ്രഹങ്ങളിലെ സുന്ദരിയായ നമ്മുടെ മാതൃഭൂമി. ഇവിടെ അൽപ്പകാല താമസത്തിന് വേണ്ടിയാണ് ഭൂമിക്കാരായ നാം എത്തിയിട്ടുള്ളത്. എന്താണ് നമ്മുടെ ജീവിതലക്ഷ്യം? എങ്ങനെയാണ് ജീവിക്കേണ്ടത്, എന്നൊക്കെ തീരുമാനിച്ച് പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യവും പ്രകൃതി നമുക്ക് തന്നിട്ടുണ്ട്. തീരുമാനങ്ങൾ എടുക്കുമ്പോൾ നമ്മുടേയും വരും തലമുറയുടേയും സ്വസ്ഥജീവിതമായിരിക്കണം നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാനുള്ള ലളിതമായൊരു കാൽവെയ്പ്പാണ് അയൽകൂട്ടം എന്ന ആശയ സംഹിത. കുറുപ്പ് സാറിന്റെ ഈ സ്മരണാഞ്ജലിദിനത്തിൽ ആ ആശയഗംഗയിൽ നീരാടാൻ വന്നിട്ടുള്ളവർക്കും വരാനിരുന്നവർക്കും വായനക്കാർക്കും സ്വാഗതം-വരൂ ഇവിടെ എന്താണ് നടക്കുന്നതെന്ന് നമുക്ക് നോക്കാം.

ഇവിടെ നടക്കുന്ന പരിപാടികൾ സമയബന്ധിതമായിരുന്നില്ല. പുഷ്പങ്ങൾ വിരിയുംപോലെ ഓരോന്നും നടക്കട്ടെ എന്ന് കരുതി.

അതിനായൊരു ക്രമീകരണം മാത്രം. മനുഷ്യമനസ്സ് വളരെ തിരക്കിലാണ്. മുലകുടി മാറിവരുമ്പോൾ മുതൽ തിരക്കാണ്. ഇത് ഒടുക്കം വരെ തുടരുകയാണ്. തനിക്കാവശ്യമായതും അല്ലാത്തതുമായ ചിന്തകൾകൊണ്ട് മനസ്സ് ചൂടുപിടിച്ച് പുകപടർത്തിക്കൊണ്ടിരിക്കുന്നു. ഒന്നടങ്ങി ഇരുന്നുനോക്കാമെന്ന് കരുതി. മനസ്സടങ്ങിയാൽ ആവശ്യമില്ലാത്ത ചിന്തകൾ ഒഴിഞ്ഞുപോയി സ്വസ്ഥത കൈവരും ശരി നീർക്കുന്നം ധന്യയിലേക്ക് പോകാം. രാവിലെ വന്നവരൊക്കെ പരസ്പ്പരം പരിചയപ്പെടുന്നു. അടുക്കളയിൽ കയറി ഭക്ഷണം കഴിക്കുന്നു. ഇഡ്ഡലിയും സാമ്പാറും പിന്നെ ചമ്മന്തിയും ഉണ്ട്. കുടിക്കാൻ ജാപ്പിയും. ഭക്ഷണം കഴിഞ്ഞ് എല്ലാവരും ഒത്തുചേർന്ന് പരസ്പരാനന്ദയാത്രാബാനറുമായി നീർക്കുന്നം സ്കൂളിലേക്ക് നടന്നു. പ്രവേശന കവാടത്തിൽ കുറുപ്പ് സാറിന്റെ വലിയ ചിത്രത്തോടൊപ്പം സന്ദേശങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. വിശാലമായ സ്കൂൾ ആഡിറ്റോറിയത്തിലെ സ്റ്റേജിൽ കുറുപ്പ് സാറിന്റെ ചിത്രത്തിന് മുന്നിലെ നിലവിളക്കിൽഅഞ്ചുതിരിയിട്ടിട്ടുണ്ട്. ശ്രീമതി സരോജനി കൃഷ്ണൻ, ദേവദത്ത് ജി. പുറക്കാട്, ഗാന്ധി സ്മാരക സേവാകേന്ദ്രം സെക്രട്ടറി ജഗദീശൻ, കുട്ടപ്പൻസാർ, ഡോ. കെ.ജി.പത്മകുമാർ എന്നിവർ ചേർന്ന് തിരിതെളിച്ചു. രാവിലെ 10 മണിസമയം. ഇവിടെ ഇപ്പോൾ നല്ല പ്രകാശമുണ്ട്. കുറുപ്പ് സാറും ഇരുട്ടത്തല്ല നടന്നത്. പിന്നെ എന്തിനാണിപ്പോൾ വിളക്കുകത്തിച്ചത്? പലതും നാം സങ്കൽപ്പിക്കാറുണ്ടല്ലോ – മൈത്രീഭാവനതന്നെ നമ്മെ മുന്നോട്ട് നയിക്കാനുള്ള സങ്കൽപ്പമല്ലേ – അന്ധകാരാവൃതമായ മനസ്സിലെ കരിപിടിച്ച വിളക്ക് മാനുഷിക ധ്യാനംകൊണ്ട് മിനുക്കി സ്നേഹം നിറച്ച് മൈത്രീഭാവനയാകുന്ന തിരി തെളിച്ചാൽ മനസ്സ് പ്രകാശപൂരിതമാകും. ജീവിതം പരസ്പരാനന്ദമാകും എന്നിവിടെ ഭാവനചെയ്തു വിളക്ക് കൊളുത്തുന്നു, അത്രമാത്രം. ഇതിനൊരു നിർബന്ധവുമില്ല.

നീർക്കുന്നം സ്കൂൾ കുട്ടികളായ ഫില്ലാ എസ്., ജ്യോതിലക്ഷ്മി എസ്., സ്നേഹാസത്യപ്രകാശ് എന്നിവർ പ്രാർത്ഥനാഗീതം ശ്രുതിമധുരമായി പാടി. കുറുപ്പ് സാറിന്റെ ഓരോ പുസ്തകവും അവർക്ക് സമ്മാനമായി നല്കി. ഇതൊരു കൂട്ടായ പ്രവർത്തനമാണങ്കിലും ഒരു രക്ഷാധികാരി വേണമല്ലോ. ആ ഉത്തരവാദിത്വത്തോടുകൂടി നമ്മുടെ മേളയ്ക്ക് വന്നവരെ സ്വാഗതം ചെയ്ത്

ശ്രീ. ദേവദത്ത് ജി. പുറക്കാട് ഇവിടെ നടക്കേണ്ട കാര്യങ്ങൾ ക്രമപ്പെടുത്തി നയിച്ചുകൊണ്ടിരിക്കുന്നു. ഇനി കുറുപ്പുസാറിന് നമ്മോട് പറയാനുള്ളത് നമുക്ക് നേരിട്ട് കേൾക്കാം. കൊച്ചുമകൾ കൃഷ്ണയും കാക്കാഴം ഹൈസ്ക്കൂൾ വിദ്യാർത്ഥിനി സൈറാബാനുവും ചേർന്ന് കുടുംബഭദ്രതയെക്കുറിച്ചുള്ള കുറുപ്പു സാറിന്റെ ചില ലേഖനങ്ങൾ ഹൃദ്യമായി സദസ്സിനെ വായിച്ച് കേൾപ്പിച്ചു. തുടർന്ന് ഡോ. ഗോപാലകൃഷ്ണൻസാറിനെ ദത്തൻസാർ ഇതാ വേദിയിലേക്ക് ക്ഷണിക്കുന്നു. മാനുഷികധ്യാനത്തിനായി സാർ വേദിയിലെത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി. സ്വസ്ഥമായി ഇരിക്കുക. മൊബൈൽ നിശ്ചലമാക്കി വെയ്ക്കുക. ഒപ്പം മനസ്സും അടക്കി ഇരുത്തിയാൽതന്നെ ജീവിതം രക്ഷപ്പെടും.

**ഇനി ധ്യാനം തുടങ്ങാം** – സാവധാനം വീട്ടിൽതുടങ്ങി. കുടുംബാംഗങ്ങളിലെല്ലാം മൈത്രീ ഭാവന വിടർത്തി ചുറ്റുമുള്ള വീടുകളും നാടും കടന്ന് മനസ്സ് സാവധാനം വികസിച്ച് ആഗോള മാനുഷിക ധ്യാനതലത്തിലെത്തുന്നു. അനന്താകാശത്തിലുള്ള ഭൂമിയെയും അവിടെ ഭൂമിക്കാരെയും കണ്ട് എല്ലാം ഒന്നെന്നു നിനച്ച് ഹൃദയം കൊണ്ട് അന്വേന്യഭാവം വളർത്തി വീണ്ടും മനസ്സുയുർത്തി പ്രപഞ്ചധ്യാനത്തിൽ ലയിക്കുന്നു. പടിപടിയായി മനസ്സിനെ ഈ തലത്തിലേക്ക് ഉയർത്തി അല്പ സമയം അവിടെ നിർത്തിയിട്ട് മറ്റുള്ളവരുടെ കുറ്റങ്ങൾ നോക്കാതെ എല്ലാവരേയും ആത്മഭാവത്തിൽ കണ്ട് സ്നേഹിക്കണമെന്ന തത്വം മാനുഷിക ധ്യാനത്തിലൂടെ ഹൃദയങ്ങളിൽ സന്നിവേശിപ്പിച്ച് എല്ലാവരും കണ്ണു തുറക്കുവാൻ സാർ നിർദ്ദേശിച്ചു.

ദർശനം എല്ലാ മാന്യ വായനക്കാർക്കും ഈ സന്ദേശം പ്രക്ഷേപണം ചെയ്യുന്നു. കാരുണ്യവും ആനന്ദവും ഒന്നു തന്നെ. ജീവിതാനന്ദം അനുഭവിക്കുവാനുള്ള ഏക മാർഗ്ഗം തന്നെ പറ്റി തന്നെ ചിന്തിക്കാതെ എല്ലാവരോടും കാരുണ്യപൂർവ്വം പെരുമാറുക എന്നതു തന്നെയാണ്. ഇതു ജീവിതവൃതമാക്കുവാൻ അപേക്ഷിക്കുന്നു.

## സ്മരണാഞ്ജലി

സ്മരണാഞ്ജലി അർപ്പിക്കലാണ് ഇനി ഇവിടെ നടക്കേണ്ടത്. അതിനായി ശ്രീ. ജഗദീശിനെ ദത്തൻസാർ ക്ഷണിച്ചു. കുറുപ്പു

സാറിന്റെ സന്ദേശങ്ങൾ തന്നെ നമുക്ക് വിളക്കായുള്ളപ്പോൾ പിന്നെ നിലവിളക്ക് കത്തിക്കേണ്ട ആവശ്യമുണ്ടോ എന്നും സാറിനോടുള്ള ആദരവ് കർമ്മത്തിലൂടെ തെളിയിക്കുകയാണ്വേണ്ടത്. അത് നിഷ്ഫലമായ ആരാധനയായി മാറരുതെന്നും ശ്രീ. ജഗദീശ് നിർദ്ദേശിച്ചു. മഹാത്മജി ആവിഷ്കരിച്ച സ്വരാജിന്റെ കാലോചിതമായ ഗ്രാമവത്കരണമാണ് അയൽക്കൂട്ടം. ചൈതന്യവത്തായ ഈ സന്ദേശം കാലമെത്രയെടുത്താലും മാനവരാശിയുടെ മോചനമാർഗമാകുമെന്ന് ശ്രീ. ജഗദീഷ് ഉദ്ബോധിപ്പിച്ചു. അമ്പലപ്പുഴ ഫോക്കസിന്റ പ്രസിഡന്റായ ശ്രീ. സി. രാധാകൃഷ്ണൻ, സാറിന്റെ ജീവിതവും സന്ദേശവും വ്യക്തമാക്കിക്കൊണ്ട് സ്മരണാഞ്ജലി അർപ്പിച്ചു. ഫോക്കസ്സ് എന്നും ആദരപ്പൂർവ്വം സാറിനെ സ്മരിക്കുന്നു. സാറിന്റെ പേരിൽ വർഷം തോറും സേവനരംഗത്തുള്ളവർക്ക് പാരിതോഷികം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കുറുപ്പു സാറിന്റെ സന്ദേശങ്ങളെ അത്ഭുതാദരവോടെ കാണുന്ന ഡോ.കെ.ജി.പത്മകുമാർ, ഈ ആശയങ്ങൾ ഒരു കാലത്ത് സംഭവങ്ങളായി തീരുമെന്ന് അഭിപ്രായപ്പെട്ടു. ശരിയെന്ന് തോന്നുന്നത് നിർഭയമായി പറയുക, അനുഷ്ഠിക്കുക. ഫലപ്രാപ്തിയോ കൂടെ ആരുണ്ടെന്നോ നോക്കാതെ വീടിനും നാടിനും ഉപരി ലോകപ്രശ്നങ്ങളെ സ്വന്തമെന്ന് കണ്ട് മോചന മാർഗങ്ങൾ ആവിഷ്കരിച്ച പങ്കജാക്ഷക്കുറുപ്പുസാർ ഒരിക്കലും മരിക്കാതെ ജനഹൃദയങ്ങളിൽ വെളിച്ചമായി നിലകൊള്ളുമെന്നും ചേട്ടൻ തന്റെ പ്രസംഗത്തിൽ വ്യക്തമാക്കി.

കുറുപ്പുസാർ മനുഷ്യമനസ്സുകളിൽ വരുത്തികൊണ്ടിരിക്കുന്ന മാറ്റത്തിന്റെ സാക്ഷികളായി അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് വളരെക്കാലം കൂടെ പ്രവർത്തിച്ച ശ്രീ. കുട്ടപ്പൻസാർ, ശ്രീ. ചന്ദ്രൻ പുറക്കാട്, പൂർണ്ണോദയ സെക്രട്ടറി ശ്രീ. പരമേശ്വരശർമ്മ, കോട്ടയത്തുനിന്നും കുര്യൻ ചേട്ടൻ, എസ്.കെ.എം.ബഷീർ, കഞ്ഞിപ്പാടത്ത് നിന്നും ഗോവിന്ദൻ, അഡ്വ.സുരേഷ്, രാജീവ് അമ്പലപ്പുഴ തുടങ്ങിയവർ സ്മരണാഞ്ജലി അർപ്പിച്ചു. **പ്രഭാഷണങ്ങളിലെ സാംരാംശം** : മനുഷ്യരാശിയുടെ സർവ്വതോമുഖമായ വികാസത്തിന് ശ്രേഷ്ഠമായൊരു രൂപരേഖയാണ് കുറുപ്പുസാർ വരച്ച് കാണിച്ചിരിക്കുന്നത്. ഈ മൈത്രീഭാവന ജീവിതത്തിൽ പകർത്തുക. നമ്മുടെ ജീവിതം ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും മോചിതമായി കൂടുതൽ ആനന്ദകരമാകും. **നാം വസിക്കുന്ന ഈ**

**ഭൂമിയെ മറന്ന്, അയൽക്കാരെ മറന്ന്, സഹജീവികളെ മറന്ന്, ആരാധനാലയങ്ങളിലേക്ക്, പ്രാർത്ഥനയ്ക്കായി തളളിക്കയറിയാലോ, ആണ്ടോടാണ്ട് പോളിംഗ്ബൂത്തിലേക്ക് പോയാലോ നാം രക്ഷപ്രാപിക്കുകയില്ല എന്ന് തിരിച്ചറിവുണ്ടാകാൻ വലിയ ബുദ്ധിയൊന്നും വേണ്ട, കണ്ണുതുറന്ന് ഈ ലോകമൊന്ന് നോക്കികണ്ടാൽ മതി. ശബരിമലയിലേക്കോ, മക്കയിലേക്കോ, ജറുസലേമിലേക്കോ ഒരു വ്യക്തിക്ക് ഇഷ്ടമുളളിടത്തേക്ക് സഞ്ചരിക്കാം, സഞ്ചരിക്കാതിരിക്കാം . അത് വ്യക്തിസ്വാതന്ത്ര്യം. എന്നാൽ തന്റെ കണ്ടെത്തലുകൾ മാത്രമാണ് ശരി. മറ്റുള്ളതെല്ലാം അബദ്ധമാണെന്ന് ധരിക്കുന്നത് വിഢിത്തമാണ്. തന്നെപ്പോലെതന്നെ മറ്റുളളവരെയും കരുതി കാരുണ്യപൂർവ്വം പെരുമാറുക എന്നത് തന്റെ ജന്മസിദ്ധ കടമയാണ്. അതുചെയ്തില്ലങ്കിൽ നീന്തലറിയാത്ത മഹാപണ്ഡിതൻ വെള്ളത്തിൽ വീണാലെന്നപോലെ കഷ്ടമാകും. അതൊന്നും സംഭവിക്കാതിരിക്കട്ടെ.**

ആശയങ്ങൾ അങ്ങനെ വേദിയിൽ മുഴങ്ങുകയാണ്. തേനീച്ച പൂവിൽ ഇരുന്ന് തേൻ നുകരും പോലെ സദസ്സ് അത് ശ്രദ്ധിക്കുന്നുണ്ട്. അപ്പോഴതാ വേദിയിലേക്ക് അഷ്റഫ് ഒരു പെൺകുട്ടിയെ കൂട്ടിക്കൊണ്ട് വരുന്നു. അമൃതാ സെബാസ്റ്റ്യൻ കുടുംബസമേതമാണ് എത്തിയത്. മാതൃഭൂമി പത്രത്തിന്റെ ആലപ്പുഴ സീഡ് കോ-ഓർഡിനേറ്ററായി ജോലി ചെയ്യുന്നു. ദർശനത്തിന്റെ കഴിഞ്ഞ ചില ലക്കങ്ങൾ വായിക്കാൻ ഇടയായി. അതിന്റെ ആഹ്ലാദവും ആകർഷണവും കൊണ്ടെത്തിയതാണ്. പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകണമെന്നും തന്റെ സഹകരണം ഉണ്ടാകുമെന്നും അമൃത അഭിപ്രായപ്പെട്ടു.

സദസ്സിനിടയിലൂടെ കബീറും, ഷാജിയും കൂടി എന്തോ പങ്ക് വെച്ചുകൊണ്ട് വരുന്നുണ്ടല്ലോ-അതൊരു പഴക്കുലയാണ്. വരട്ടെ നമുക്കും രണ്ടെണ്ണം തിന്നാം.

സൂര്യൻ ഉദിച്ചുവരുമ്പോൾ അന്ധകാരം പ്രകാശ സ്വരൂപമായി മാറുന്നു. ചിന്തകൾ നന്മകൾകൊണ്ട് നിറയുമ്പോൾ ജീവിതം സുന്ദരമാകുന്നു. പ്രിയമുളളവരെ, സ്മരണാഞ്ജലിയിൽ നാമിനി ഇവിടെ ഒരു ഓണപ്പൂക്കളമൊരുക്കുകയാണ്. പൂക്കൾ ചെടിയിൽ നിന്നും പറിക്കേണ്ട, നാമൊക്കെതന്നെ പൂക്കൾ. ക്ലാസ്സ്മുറികളിൽ വട്ടം കൂടി

യിരുന്നപ്പോൾ ആറ് പൂക്കളങ്ങൾ-തറക്കൂട്ടങ്ങൾ-രൂപപ്പെട്ടു. വായ നക്കാരും കൂടി ഇതിൽ പങ്കെടുത്ത്കൊള്ളുക അപ്പോൾ ധാരാളം തറക്കൂട്ടങ്ങൾ ഉണ്ടാകും. ഹംസാ സാറിന് മകളുടെ വിവാഹമായ തിനാൽ വരാനൊത്തില്ല. തിരുവന്തപുരത്ത് നിന്നും അശോകനും , ഡോ.ശിവസുതനും കുടുംബവും, കുറുപ്പ് സാറിന്റെ പുസ്തകങ്ങൾ കുട്ടികളുടെ പാഠ്യവിഷയമാക്കണമെന്ന് മുഖ്യമന്ത്രിക്ക് കത്തെഴു തിയ കാക്കാഴം വേണുവും എത്തിയിട്ടുണ്ട്. രാവിലെ പങ്കെടുക്കാ നൊക്കാത്തവരും വരാനിരുന്നവരും അല്ലെങ്കിൽ നമ്മുടെ കൂട്ടാ യ്മയിൽ ആരാണില്ലാത്തത്. എല്ലാവരും വന്ന് തറക്കൂട്ടം കൂടികൊള ളുക. ഇനി പരസ്പരം പരിചയപ്പെട്ട് ഉള്ളടുപ്പം ഉണ്ടാകട്ടെ. തിരക്ക് കൂട്ടണ്ട. സമൂഹജീവിതത്തിന്റെ വിത്തുകൾ മനസ്സിൽ കിളിർപ്പിക്കാ നാണ് ദർശനത്തിന്റെ ശ്രമം. അതിനായി പ്രവർത്തകർ കൊണ്ടുവരുന്ന കണ്ണാടി എല്ലാവരും ഓരോന്നുവാങ്ങികൊള്ളുക. ഓരോചോദ്യവും സ്വയം ചോദിച്ച് ഉത്തരം കണ്ടെത്തണം. *ഇതാണ് കണ്ണാടി*, ഒന്നു നോക്കൂ. ഈ സ്മരണാഞ്ജലിക്ക് എത്തിയ വർക്കെല്ലാം അഭിവാദനങ്ങൾ. വരൂ, നമുക്കിവിടെ ഒരു അയൽക്കൂട്ടം കൂടാം. കുറുപ്പുസാറിന്റെ ഈ കണ്ണാടി ഓരോരുത്തരും എടുത്തു കൊള്ളുക. ഇതിന്റെ പ്രത്യേകത ഇതിൽ സൂക്ഷിച്ചു നോക്കിയാൽ സ്വന്തം മനസ്സിലെ മാലിന്യങ്ങൾ തെളിഞ്ഞുകാണാമെന്നുള്ളതാണ്. എന്നിട്ട് വിശ്വമൈത്രീഭാവനയിൽ ഒന്നു മുങ്ങിക്കുളിച്ച് ശുദ്ധമാവു കയും ചെയ്യാം. ശരി, ഇനി സൂക്ഷിച്ച് നോക്കിക്കൊള്ളുക.

*1. എന്നെ എതിർക്കുന്നവരെയും അവഗണിക്കുന്നവരെയും എന്നോട് സംസാരിക്കാൻപോലും ഇഷ്ടപ്പെടാത്തവരെയും ഉൾപ്പടെ എല്ലാവരെയും സ്വന്തമാക്കുവാനും അവർക്കുവേണ്ടി ക്കൂടെ ഉള്ളവനാണ് ഞാൻ എന്നു കരുതി പെരുമാറുവാനും ഞാൻ പരിശീലിക്കാറുണ്ടോ ?*

*2. കൈയിൽ വരുന്നതിൽ കുറച്ച് മറ്റാർക്കെങ്കിലും കൂടി കൊടു ത്തുകൊണ്ടിരിക്കുവാൻ സന്തോഷമാണോ ? കൊടുക്കാറുണ്ടോ?*

*3. നായർ, ഈഴവൻ, ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യൻ, കേരളീ യൻ, ഇന്ത്യക്കാരൻ, അമേരിക്കക്കാരൻ തുടങ്ങി നാനാവിധ കുരു ക്കുകളിൽനിന്ന് മനുഷ്യരാശി ഭൂമിക്കാരൻ എന്ന അത്യുന്നത പദ*

*വിയിലേക്ക് ഉയരണം എന്ന് ആശിക്കാറുണ്ടോ? വ്യക്തിജീവിതത്തിൽ അത് പരിശീലിക്കാറുണ്ടോ ?*

*4. അവനവനിൽ അഹംഭാവം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് സ്വയം പരിശോധിക്കാറുണ്ടോ ? അപമാനിതനായേക്കാം എന്ന് തോന്നുന്ന കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞു നിന്നേക്കാം എന്ന് കരുതാറുണ്ടോ ?*

*5. വസ്ത്രധാരണം, വീടുവയ്പ്, അടിയന്തിരം നടത്തൽ, സംവാദം തുടങ്ങിയ കാര്യങ്ങളിൽ തന്റെ വലിപ്പം ഉയർത്തിക്കാട്ടണമെന്ന് വിചാരിക്കാറുണ്ടോ ? ലളിതമായി കാര്യങ്ങൾ നടത്താൻ ശ്രമിക്കാറുണ്ടോ ?*

*6. ഒരു മനുഷ്യന്റെ ഏറ്റവും ഉത്തമമായ സുരക്ഷാ ഘടകം മറ്റൊരു മനുഷ്യനല്ലേ ? പണം, സർക്കാർ, ആയുധം ഇവയ്ക്കുപരി പരസ്പരം രക്ഷിച്ച് ജീവിക്കേണ്ട ഒരു ബന്ധുസമൂഹമാണ് നാം എന്ന ബോധം ഉള്ളിൽ വളർത്തിയെടുക്കാൻ ശ്രമിക്കാറുണ്ടോ?*

*7. സർവ്വോപരി വേരോടു നാമ്പ് ഒരു മാറ്റം ആവശ്യമാണെന്ന് തോന്നാറുണ്ടോ ? അതിന് ലോകമാകെ ജനത മൈത്രിയിൽ വരികയാണ് നേർവഴി എന്ന് കരുതാറുണ്ടോ ? ശിഷ്ട ജീവിതത്തിൽ ഈ പുതിയ ലോകത്തിനുവേണ്ടി ആവുംവിധം ശ്രമിക്കുമെന്ന് സ്വയം നിശ്ചയിച്ച് അതിന് അനുസരിച്ച് സ്വന്തം ചലനങ്ങളിൽ മാറ്റം വരുത്താൻ ശ്രമിക്കാറുണ്ടോ?*

ഇനി വിശ്വമൈത്രീഭാവന ഹൃദിസ്ഥമാക്കുക.

## വിശ്വമൈത്രീഭാവന

ഓരോരുത്തരും അവരവരുടെ മനസ്സിൽ മൈത്രീവിചാര ദീപം കൊളുത്തണം. ജീവാവസാനം വരെ അത് കെടാതെ സൂക്ഷിക്കണം. കാറ്റും മഴയും അടവിയും ആഞ്ഞടിച്ച് കെടുത്തിക്കളയും. കെട്ടുകൊള്ളട്ടെ, വീണ്ടും കൊളുത്തണം. എന്താണീ ദീപം. വിചാരദീപം. ഭാവദീപം. “അന്യമായി ഒന്നുമില്ല. എല്ലാം ഒരു കുടുംബക്കാർ. തിരുത്താൻ ശ്രമിക്കാതെ ഗുണദോഷങ്ങളോടുകൂടി വീട്ടിലുള്ളവരേയും നാട്ടുകാരേയും സർവ്വരേയും ഉള്ളിൽ സ്വന്തമാക്കുക. എന്റെ ശിഷ്ടജീവിതകാലത്ത് വിദ്വേഷവും പകയും

വെടിഞ്ഞ് സർവ്വമതസ്ഥരേയും കക്ഷിക്കാരേയും ഭാഷക്കാരേയും സജ്ജനങ്ങളേയും ദുർജനങ്ങളേയും സ്വന്തമായിക്കണ്ട് പെരുമാറുവാൻ ഞാൻ പരിശ്രമിക്കും". ഈ വിശ്വമൈത്രീ വിചാരം സദാ അവസാന ശ്വാസം വരെ കൈവിടാതെ സൂക്ഷിക്കണം. വിചാര മാർഗ്ഗത്തിലൂടെ വിശ്വപരിവർത്തനത്തിനുള്ള ഒരു സാധനയാണിത്. സകലകർമ്മങ്ങളിലും വാക്കിലും ഈ ആർദ്രത വറ്റാതെ നിലനിൽക്കണം. ഈ ഭാവം പരിശീലിച്ചാൽ ഇതിന് യോജിച്ച പെരുമാറ്റങ്ങൾ സ്വയം ഉരുത്തിരിഞ്ഞുവരും. ചടങ്ങാവരുത്. ഉള്ളിൽനിന്ന് കത്തുന്ന ദീപമാകണം. അന്യനു പ്രകോപനമുണ്ടാക്കുന്ന ശബ്ദങ്ങൾ മുഖത്തുനിന്നു വരില്ല. അന്തരീക്ഷം ആകെ ശാന്തമാകും. മനസ്സിൽനിന്ന് സംഘർഷങ്ങൾ സാവധാനം നീങ്ങി മനസ്സ് ആനന്ദാനുഭൂതിയിൽ വരും. ഒരാൾക്കുപോലും ഒരു സാഹചര്യത്തിലും അസഹ്യതയോ അപമാനമോ ഉളവാകാനുള്ള ഒന്നും ആരിൽനിന്നും ഉണ്ടാവില്ല. ആരും അവരവരുടെ പാർട്ടിയോ മതമോ ജാതിയോ ഒന്നും ഉപേക്ഷിക്കേണ്ട. സംഘടനയും ഫണ്ടും വേണ്ട. ജാഥയും പ്രക്ഷോഭങ്ങളും സംഘടിപ്പിക്കേണ്ട. ഈ മൈത്രീവിചാരം ശീലിച്ചാൽ അഹംഭാവം കുറഞ്ഞുവരും. ആരെയും പുച്ഛിക്കാൻ തോന്നുകില്ല. വാക്കിലെ പരുക്കൻ മട്ടുമാറി മധുരമാകാൻ തുടങ്ങും. വീട്ടിൽ സ്വൈരം കിട്ടും. രോഗങ്ങൾ വിട്ടുമാറും. മറ്റാരും ചെയ്തില്ലെങ്കിലും ഞാനിത് ശീലിക്കുമെന്ന് ഓരോരുത്തരും നിശ്ചയിക്കണം. മറ്റുള്ളവരെ പ്രേരിപ്പിക്കണം.

* * *

കണ്ണാടി വിതരണത്തിന് ശേഷം തറക്കൂട്ടങ്ങളിലൂടെ ഒന്നു നടന്ന് നോക്കി. ദർശനം ഉദ്ദേശിച്ച രീതിയിൽ തന്നെ സജീവമായ ചർച്ച നടക്കുന്നുണ്ട്. സ്വയം മറന്നുള്ള ആവിഷ്കാരം.ഒന്നരമണിയോടെ ഊണിന് ക്ഷണിച്ചിട്ടും ഒരനക്കവുമില്ല. കണ്ണാടി നോക്കി മനം മിനുക്കുകയാണെല്ലാവരും, വിശപ്പറിയുന്നില്ല, വളരെ പണിപ്പെട്ടാണ് രണ്ടരയോടെ എല്ലാവരേയും ഊണുകഴിപ്പിച്ചത്.

കഞ്ഞിപ്പാടത്ത് കുറുപ്പുസാറിന്റെ ബന്ധുവായ മോഹനനും ഭാര്യ ഓമനയും ചേർന്നാണ് നമുക്ക് ഭക്ഷണം തയ്യാറാക്കി തന്നത്. നല്ല അവിയലും തോരനും മോരും ഉപ്പിലിട്ടതുമൊക്കെ ആയപ്പോൾ ഭക്ഷണം കേമമായിരുന്നു. സതീഷ്ചന്ദ്രൻ, അബ്ദുൾ ഹക്കിം, അഷ

റഫ്, ചൈതന്യ പ്രസ്സ് ബാബു, സുധീർ, ഷാജി, ദേവൻ, ഷൺമുഖൻ, സുശീല, ഗോപകുമാർ, കഞ്ഞിപ്പാടത്ത് നിന്നും രാജേഷ് തുടങ്ങിയവരോക്കെ വേദിയിലേക്ക് വരാൻ പോലും നേരമില്ലാതെ പണിയോടുപണിതന്നെ.

ഊണും കഴിഞ്ഞ് ചർച്ച പൂർത്തിയാക്കിയവരൊക്കെ വീണ്ടും ഹാളിൽ ഒത്തുകൂടി ഓണമല്ലേ. ചില നാടൻപാട്ടുകൾ കേൾക്കാം ഗാന്ധിസ്മാരക സേവാകേന്ദ്രം പ്രവർത്തകയായ സീതാദേവിയും സരോജനി ചേച്ചിയുടെ മകൾ റംലയും ചേർന്ന് നല്ല നാടൻപാട്ടുകൾ പാടി. അഷറഫിന്റെ മകൾ അൽഫിയയും കൃഷ്ണയും ലളിതഗാനങ്ങൾ പാടി. പാട്ടുകൾക്ക് ശേഷം ഇവിടെ കൂടിയ തറക്കൂട്ടങ്ങളിൽ നിന്നും ഓരോരുത്തർ വന്ന് ചർച്ചാവലോകനം നടത്തി. പരസ്പരം ബന്ധപ്പെടാനായി ഓരോഗ്രൂപ്പിലേയും അംഗങ്ങളുടെ പേരും ലഭ്യമായ ഫോൺ നമ്പരും അവസാനം ചേർക്കുന്നു.

## സന്ദേശം

ആശയങ്ങൾ പൊതുവെ എല്ലാവർക്കും പ്രിയങ്കരം. സത്യമാണെന്ന ബോധ്യവുമുണ്ട്. എന്നാൽ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ ഈ സന്ദേശങ്ങളുമായി മുന്നോട്ട് നീങ്ങുവാനാകുന്നില്ല. പ്രവർത്തിക്കാതിരുന്നാലോ? വ്യവസ്ഥിതി ഇതിലും മോശമാകും അതിനാൽ ഒരു വീണ്ടുവിചാരം നമുക്കാവശ്യമാണ്.

നാം ഓരോരുത്തരും ഉത്തരവാദിത്വം ഏറ്റെടുക്കണം. സന്തുഷ്ടമായ ഒരു ലോക ജീവിതത്തിന് നമ്മുടെ മനസ്സിനെ വികസിപ്പിച്ച് ചുറ്റുവട്ടത്തേക്ക് വ്യാപിപ്പിക്കുകയല്ലാതെ മറ്റുവഴികളൊന്നും ദർശനം കാണുന്നില്ല. ലോകത്തിലെ ഏറ്റവും വലിയ സൂപ്പർ കംപ്യൂട്ടർ നമ്മുടെ മനസ്സ് തന്നെ. ആ മനസ്സ് അവനവനെപ്പറ്റി മാത്രം ചിന്തിച്ച് ഒഴുക്കില്ലാതെ ദുഷിക്കുകയാണ്. മാനുഷികധ്യാനത്തോടെ കാരുണ്യപൂർവ്വം എല്ലാവരോടും ഇടപ്പെട്ടു തുടങ്ങുമ്പോൾ നമ്മുടെ മനോമാലിന്യങ്ങൾ എരിഞ്ഞടങ്ങും. അഹങ്കാരം ശമിച്ചാൽ അയൽക്കാരുമായി ഇടപെടുവാനുള്ള തടസ്സം മാറി പരസ്പരാനന്ദമുണ്ടാകും. അന്യതാബോധത്തിൽ വരണ്ടുണങ്ങി മൃതമായി കിടക്കുന്ന ഇന്നത്തെ സമൂഹത്തിൽ സംഭവിക്കുന്ന ഇത്തരം ജൈവസമൂഹത്തിന്റെ ഓരോ മുളപൊട്ടലും, വരണ്ടുണങ്ങിയ പാടത്ത് ജല

സേചനം നടത്തി വിത്തുമുളപ്പിച്ചെടുക്കുന്നതുപോലെയാണ്. ഈ ലക്ഷ്യത്തിലേക്ക് അടുക്കാനായി നാം നന്നായി പ്രയത്നിക്കണം. സാധന ചെയ്യണം. അനന്തമായ ശക്തി ഓരോ മനസ്സിലും ഉറങ്ങിക്കിടക്കുകയാണ്. മൈത്രീഭാവനകൊണ്ട് ഈ ശക്തിയെ ഉണർത്തിയെടുക്കാവുന്നതാണ്. മറ്റുള്ളവരിൽ തിന്മകാണാൻ ശ്രമിച്ചാൽ നമുക്ക് തകർച്ചയായിരിക്കും സംഭവിക്കുക. നന്മ കാണാൻ ശ്രമിക്കുക അതാണ് വളർച്ചയ്ക്ക് സഹായകരം. എപ്പോഴും നമ്മിലേക്ക് ഒരു നോട്ടം ഉണ്ടാവണം. നാം ഗ്രഹിച്ച ആശയങ്ങൾ നമ്മിൽ ഗുണപരമായാണോ പ്രവർത്തിക്കുന്നത്? തിരുത്തേണ്ട സ്ഥാനത്ത് തിരുത്തി മുന്നോട്ട് പോകണം. നമ്മുടെ മനോഭാവങ്ങൾ തന്നെയാണ് നമ്മുടെ വിധിയായി പരിണമിച്ച് നമ്മിലേക്ക് വരുന്നത്. അല്ലാതെ വിധി എന്നൊരെണ്ണം ആരും എഴുതി വച്ചിട്ടില്ല. മാറ്റത്തിനുള്ള അധികാരം നമ്മിൽ നിക്ഷിപ്തമായിട്ടുണ്ട്. അതു പ്രയോഗിക്കുക. നമ്മുടെ നാട് സ്വർഗ്ഗമാകും

ചർച്ചയിൽ പൊന്തിവന്ന ആശയങ്ങൾ കേട്ടുകൊണ്ടിരുന്ന സദസ്സിലേക്ക് ഇതാ മറ്റൊരു സുഗന്ധം കടന്ന് വരുന്നു. നല്ല നെയ്യപ്പത്തിന്റേതാണ്. അങ്ങോട്ട് ഓടേണ്ട, സമാധാനമായി അവിടെ ഇരുന്ന്കൊള്ളുക. നിങ്ങൾക്കും ആവശ്യത്തിന് കഴിക്കാൻ കിട്ടും. സഹോദരിമാർ രമയും ശാന്തിയും കൂടി അച്ഛന്റെ സ്മരണാഞ്ജലിക്ക് പങ്കെടുക്കുന്നവർക്കായി ഉണ്ടാക്കിയതാണ്. നല്ല സ്വാദുണ്ട്. ലത ഇടക്ക് വീട്ടിൽ പോയി ജാപ്പിയും തിളപ്പിച്ച് മുളപ്പിച്ച കപ്പലണ്ടിയുമായിവന്നു. അതോടെ കാപ്പികുടി കുശാലായി. ഓണത്തിരക്കിനിടയിലാണല്ലോ നമ്മുടെ പരിപാടി.ി അതിനാലാവാം സ്മരണാഞ്ജലിക്ക് സാധാരണ പങ്കെടുക്കുന്നതിലും ആളുകുറവായിരുന്നു. ഇരുനൂറ്പേർക്ക് ചോറും കറിയുംതയ്യാറാക്കി ഒരുഅമ്പത് പേരുടെ ചോറ് മിച്ചം വന്നു. എന്നാൽ ഒരു വറ്റും വെറുതേ പോയില്ല. പങ്കിട്ടെടുത്തപ്പോൾ പല വീടുകളിലും അത്താഴം വെക്കേണ്ടി വന്നില്ല.

പ്രിയമുള്ളവരേ,

മണി അഞ്ചാകുന്നു. നമുക്ക് മാനുഷികധ്യാനം നടത്താം. ശാന്തമായിരുന്ന് ഇന്ന് കേട്ട ആശയങ്ങൾ മനസ്സിൽ ഒന്നുറപ്പിക്കുക. ജീവിതം സുന്ദരമാക്കുന്നതും വികൃതമാക്കുന്നതും നമ്മുടെ മനസ്സു

തന്നെയാണ്. ആ മനസ്സിനെ ശുദ്ധിചെയ്തെടുക്കുവാനുള്ള വിദ്യയൊക്കെ ഇപ്പോൾ പഠിച്ചല്ലോ. പല ലോഹങ്ങളുമായി ചേർന്ന മിശ്രിതം ഉരുക്കി സ്വർണ്ണം മാത്രം വേർതിരിച്ചെടുക്കുംപോലെ മനസ്സിനെ പാകപ്പെടുത്തി എടുത്ത് വിശ്വമൈത്രീഭാവനയിൽ പ്രതിഷ്ഠിതമാക്കുക. സുന്ദരമായൊരു ലോകജീവിതം നമുക്ക് സ്വപ്നം കാണാം. എപ്പോഴും സന്തോഷമായിരിക്കുക. വിഹിതകർമ്മങ്ങൾ നിർഭയം അനുഷ്ഠിക്കുക. മാതൃഭൂമിയിൽനിന്നും അഭിലാഷ് വന്ന് വിവരങ്ങൾ നന്നായി പ്രസിദ്ധം ചെയ്തതിനാൽ നാട് വിവരങ്ങൾ അറിഞ്ഞു. മനോരമയും മറ്റ് പത്രങ്ങളും സ്മരണാഞ്ജലി വാർത്തകൾ റിപ്പോർട്ട് ചെയ്തിരുന്നു.

## പശ്ചാത്തലം

സ്മരണാഞ്ജലി ഈ സ്കൂളിൽവച്ച് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ ഹെഡ്മാസ്റ്റർ ആദംകുട്ടി സാറിനെ വന്നുകണ്ടു. "കുറുപ്പുസാർ എന്നെ ആദം എന്നാണ് വിളിക്കാറുണ്ടായിരുന്നത്. എന്റെ ഗുരുവിന്റെ മിത്രങ്ങൾ ഇവിടെ കൂടുന്നതിൽ സന്തോഷം". പി.റ്റി.എ.പ്രസിഡന്റ് രാജേഷും എല്ലാ സഹകരണവും വാഗ്ദാനം ചെയ്തു. മധു മൈക്കിന്റെ ചുമതല വഹിച്ചു. എല്ലാം മംഗളകരമായി നടന്നു. നമുക്ക് ആവശ്യമുള്ള പാത്രങ്ങൾ വട്ടപ്പായിത്ര ദേവസ്വത്തിൽനിന്നും ലഭിച്ചു. ശുചീകരണത്തിനും മറ്റ് നടത്തിപ്പിനുമായി ദർശനം പ്രവർത്തകരുടെ വളരെ അദ്ധ്വാനം വേണ്ടിവന്നു. മേളയിൽ ധാരാളം പേർ പങ്കെടുത്തു. ആരുടെയും പേരെടുത്തുപറയുന്നില്ല. പ്രപഞ്ചചൈതന്യത്തിന് കണ്ണ് കാണാമല്ലോ. പലതുകൊണ്ടും അപൂർണ്ണമാണീ കുറിപ്പ് എന്ന ബോദ്ധ്യത്തോടെ സമർപ്പിക്കുന്നു. എല്ലാവർക്കും ദർശനത്തിന്റെ മാനുഷികധ്യാനപഥത്തിലൂടെ അഭിവാദനങ്ങൾ.

## തറക്കൂട്ടത്തിൽ പങ്കെടുത്തവർ

**തറ-1** കൺവീനർ: സീതാദേവി 9287962677, മുംതാസ് സുധീർ മണ്ണഞ്ചേരി 9895914556, അനിത ഉഷസ്സ് കഞ്ഞിപ്പാടം 2283717, സുധ കഞ്ഞിപ്പാടം 2282928, സതിയമ്മ കഞ്ഞിപ്പാടം, ഗൗരിക്കുട്ടിയമ്മ ശ്രീനിലയം നീർക്കുന്നം 2282360, സുഷമാ രാജീവ് അമ്പലപ്പുഴ 9496690373, കുട്ടപ്പൻസാർ അമ്പലപ്പുഴ 2270840, സുശീല പുന്നപ്ര

9142318702, സരോജനി കൃഷ്ണൻ 9447549677, രാധമ്മ കാക്കാഴം 0477-2271990, 9745200893, സീതാദേവി പുന്നപ്ര 9287962677, ശാന്തിനി കഞ്ഞിപ്പാടം 9496312437, ഗോപകുമാർ നീർക്കുന്നം 8547656474, റംല മുഹമ്മ 9656854129

**തറ-2** കൺവീനർ: കെ. ഗോവിന്ദൻ 9400985859, ചന്ദ്രബോസ് 0477-2234152, അമൃതാസബാസ്റ്റ്യർ 9744778680, കെ. ആർ. രാമകൃഷ്ണൻ 9496540190, എം. ടി. മധു അമ്പലപ്പുഴ 9895562009, ഡോ: ശിവസുതൻ തിരുവന്തപുരം 9447111505, ലാലി ശിവസുതൻ 9447111505, കെ. ഷൺമുഖൻ വണ്ടാനം 9387013788, കെ. പരമേശ്വരശർമ്മ പൂർണോദയ 9447139028, കെ. രാമചന്ദ്രകൈമൾ, ചില്ലാമഠം, വണ്ടാനം 2282942, ബാലസുബ്രമണ്യൻ (ബസുമ) 9446160918

**തറ-3** കൺവീനർ: സതീഷ് ചന്ദ്രൻ 9946660470, സെബാസ്റ്റ്യൻ കെ. എസ്., കാട്ടൂർ 9847973043, ജേക്കബ് സെബാസ്റ്റ്യൻ 9447977375, വി. ഇ. നിഷാദ് കോട്ടയം 9744111047, രവി. വടവാതൂർ 9447791857, യു.അജിത് കുമാർ 9447162573, അഷ്റഫ്. എച്ച്. 9496646244, സലാഹുദ്ദീൻ ഗുരുപുരം 9847765254, ഗോവിന്ദ്. എസ്.എൽ. തിരുവനന്തപുരം 9995358098, ജി.പി. നായർ 9895254554, ആന്റണി ചങ്ങനാശ്ശേരി 0481 2400488

**തറ-4** കൺവീനർ: അഡ്വ.സുരേഷ് 9249935665, രാജേന്ദ്രൻ വി. രാഗേന്ദു 9746110117, ലൈല 9249249624 , അൽഫിയ അഷ്റഫ്, എം. എസ്. സോമനാഥ് 9744950521, പ്രേമ, കൃഷ്ണതുളസി 9946660470, നദീറ, അജ്മിലഅഷറഫ് , അൻസിലാ അസ്ബി കോട്ടേജ്, സുധീർ ആര്യാട് 9847765254, ഉമ്മർ മുക്താർ,

**തറ-5** കൺവീനർ: എസ്.കെ.എം. ബഷീർ മൈത്രി, പുന്നപ്ര 9846094829, വി. വേണു 9287569013, അനിൽ കുമാർ 956743899, കെ. ബ്രഹ്മാനന്ദൻ അമൃതൈശ്വര്യ 9495730703, സണ്ണി വർഗ്ഗീസ് 9947997860, ഉഷാഷൺമുഖൻ 9387013788, ചന്ദ്രൻ പുറക്കാട് 9446327525, കെ. ചെല്ലപ്പൻ 0477-2271440, എസ്. സുരേഷ് കുമാർ 9446496464, പി.കെ മോഹൻദാസ് 9746836587, പി.കെ. ഗോപിനാഥപിളള 9446490323, പി.വി. നാരായണമേനോൻ 9400741711, ആൻഡ്രൂസ് മാത്യു 9425562047

**തറ-6** കൺവീനർ: കെ. അപ്പുക്കുട്ടൻ ശാസ്താംകോട്ട

9446060443, ദേവദത്ത് ജി. പുറക്കാട് 2271001, ടി.ആർ. രാജീവ് 9496690373, ഡോ.എൻ. ഹരിഹരൻ 2272142, കെ.ഐ. ജോസഫ് 04772122444, അന്നമ്മ സെബാസ്റ്റ്യൻ, സി.എൻ.അനിരുദ്ധൻ, എ.ആർ. വിശ്വനാഥൻ കഞ്ഞിപ്പാടം, കെ.എസ് രാധാകൃഷ്ണൻ നായർ, കെ. എ. അബ്ദുൾ ഖാദർ 2282069, തൻസിൽ പൊങ്ങാശ്ശേരിൽ, ഷഹാസിൽ ലൈല, സബീന, ലൈല, കളർകോട്, സോഫിയ മുല്ലാ മൻസിൽ മണ്ണഞ്ചേരി, പ്രീത കഞ്ഞിപ്പാടം 9400983706, അഹ്സാബ് -മുല്ലാമൻസിൽ മണ്ണഞ്ചേരി.

## ഹേറാം-പ്രതിമാസയോഗം

ഒക്ടോബർ മാസത്തിലെ നമ്മുടെ കൂടിച്ചേരൽ ആലപ്പുഴയിൽ ശ്രീ. തോമസ് സക്കറിയയുടെ വീട്ടിലായിരുന്നു. അമ്മ സാമൂഹ്യ പ്രവർത്തകയും ഡി.ഇ.ഒ.യുമായിരുന്ന മേരി സഖറിയ. ടൗണിലെ തന്റെ സ്ഥാപനമായ സൈബർഗ്രാഫിക്സിനോട് ചേർന്ന് സഖറിയ ഒരു മൂന്ന്നില കെട്ടിടം വെച്ചു. താമസത്തിനും വാടകയ്ക്ക് കൊടുക്കാനുമായി വിശാലമായ ഹാളുകളും മുറികളോടും കൂടി നിർമ്മിച്ച കെട്ടിടത്തിന്റെ സുന്ദരമായ ടെറസിലാണ് ഞങ്ങൾ യോഗം ചേർന്നത്. അവിടെ “നാരായണക്കിളി കൂടുപോലുള്ളൊരു നാലുകാലോലപ്പുരയുമുണ്ട്”. നമ്മുടെതുപോലെ ഒരു യോഗത്തിനും ധ്യാനത്തിനും അത്യുത്തമം.

ഇന്നത്തെ യോഗത്തിൽ വായിക്കുവാൻ എടുത്തത് മഹാത്മജിയുടെ മരണഭയമെന്ന ലേഖനമായിരുന്നു. ഒരു വ്യക്തി അവന്റെ വിഹിതകർമ്മം ശ്രദ്ധാപൂർവ്വം നിഷ്കാമമായി ചെയ്താൽ അന്തകരണശുദ്ധി നേടാമെന്നും ആ ശുദ്ധി മനസ്സിന് ബലവും നിർഭയതയും പ്രദാനംചെയ്യുമെന്നും മഹാത്മജി ഈ ലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ആത്മാ അനശ്വരമാണെന്ന് തിരിച്ചറിയുന്നവർക്ക് പിന്നെ എന്ത് മരണഭയം. തന്നെ വെടിവെച്ച ഗോഡ്സെയെ തൊഴുത് ഹേറാം എന്നുച്ചരിച്ച് ഗാന്ധി പ്രപഞ്ചചൈതന്യത്തിൽ ലയിച്ച്ചേർന്നു. ലോകത്തെ എക്കാലത്തെയും ഏറ്റവും വലിയ അത്ഭുതം. വാക്കും പ്രവൃത്തിയും തമ്മിൽ സമന്വയിച്ചാൽ ഉണ്ടാകുന്ന ആത്മശക്തി. ഗോഡ്സെയ്ക്ക് ഒരു ചുക്കും ചെയ്യാൻ കഴിയാത്ത ആ സന്ദേശം ‘ഹേറാം’-നമ്മെ പരിവർത്തനം ചെയ്യേണ്ടുന്ന

ആ തീക്കനൽ ഇന്നും ചാരം മൂടിക്കിടക്കുകയാണ്. ആകനൽ സ്വയം ഊതിതെളിയിക്കുകയും മറ്റുള്ളവരെ അതിനുസഹായിക്കുകയും ചെയ്താൽ നമുക്കും വരും തലമുറയ്ക്കും വേണ്ട ശാന്തിയും സമാധാനവും ലഭിക്കും.

ഇന്നത്തെ യോഗത്തിൽ ശ്രീ. കുട്ടപ്പൻസാർ, അഷറഫ്, കബീർ, സതീഷ് ചന്ദ്രൻ, അബ്ദുൽ ഹക്കിം, ഷാജി, ബാബു, ലത, കോമള ജയൻ പിന്നെ കുടുംബാംഗങ്ങളും പങ്കെടുത്തു. ചർച്ചയിൽ പ്രധാനം സ്മരണാഞ്ജലിയുടെ അവലോകനമായിരുന്നു. മേളയൊക്കെ ഭംഗിയായി നടന്നെങ്കിലും വ്യക്തമായ കാര്യപരിപാടി ഒന്നും മുന്നോട്ട് വെച്ചിട്ടില്ല എന്നുള്ളത് ഒരു ന്യൂനതയായിയോഗം വിലയിരുത്തി. എന്താ ചെയ്യുക?

മൈത്രീ ഭാവനയുടെ ആചരണപ്രചരണമല്ലാതെ മറ്റൊന്നും മുന്നിലിപ്പോൾ തെളിയുന്നില്ല. എല്ലാ പ്രചരണ മാർഗ്ഗങ്ങൾക്കും സ്വാഗതം.

നമ്മുടെ എണ്ണമറ്റ പ്രശ്നങ്ങൾക്ക് കാരണമായ മനസ്സിന്റെ വൈകല്യങ്ങൾ മാറ്റി എടുക്കുവാൻ പരസ്പരം സ്നേഹിക്കുകയും ധ്യാനാത്മകമായി കർമ്മം ചെയ്യുകയുമല്ലാതെ മറ്റെന്താണ് വഴി. നാം പഠിക്കുന്ന മൈത്രീഭാവനയുടെയും സംസ്കാരത്തിന്റെയും സുരക്ഷിതമായ മർഗ്ഗരേഖയിലൂടെ ധൈര്യപൂർവ്വം ജീവിതയാത്ര നടത്തുക. ലോകമാകെ മുളപൊട്ടി വരുന്ന അനവധി മോചന മാർഗ്ഗങ്ങളിലൂടെ ഇന്നത്തെ ദുരവസ്ഥ കുറെയൊക്കെ മാറിവരും. ഭൂമിയിൽ നമ്മുടെ മാർഗ്ഗദർശികളായി ഇനിയും എത്രയോപേർ വരാനിരിക്കുന്നു. ആത്യന്തികമായി സത്യത്തിന് ജയമല്ലാതെ മറ്റൊരവസ്ഥയില്ല. ഇനിയും സംശയമോ? എങ്കിൽ ചർച്ചയിൽ പറഞ്ഞ ഒരുകഥ കേട്ടോളൂ.

ഒരു കുട്ടിക്ക് ഉണ്ടായ പാണ്ട്രോഗത്തിന് ശ്രേഷ്ഠനായ ഒരു വൈദ്യൻ ഒരു ഔഷധ സസ്യത്തിന്റെ ഇല കൊടുത്തിട്ട് ഈ ഇലകൾ സമാഹരിച്ച് കഷായം വച്ചു കൊടുക്കുവാൻ നിർദ്ദേശിച്ചു. എന്നാൽ എത്ര അന്വേഷിച്ചിട്ടും ഈ ചെടികണ്ടെത്താനായില്ല. അങ്ങനെ അച്ഛനും മകനും കൂടി നടന്ന് ക്ഷീണിച്ച് ഒരു കിണറ്റിൻ

കരയിലെത്തി. ഇത്തിരി വെള്ളം കോരാൻ കിണറ്റിലേക്ക് തൊട്ടി ഇറക്കിയപ്പോൾ ആ കാഴ്ച കണ്ടു. കിണറ്റിന്റെ അടിയിൽ ഈ ചെടി വളർന്നു നിൽക്കുന്നു. പക്ഷേ താഴേക്ക് ഇറങ്ങാൻ കിണറിന് അര ഞ്ഞാണമില്ല. അച്ഛൻ മറ്റൊരു മർഗം അവലംബിച്ചു. കയറിൽ നിന്നും തൊട്ടി അഴിച്ചുമാറ്റി പുത്രനെ കയർകൊണ്ട് കെട്ടി സൂക്ഷ്മതയോടെ കിണറ്റിലേക്കിറക്കി. മകനുവേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. ഇല കളുമായി കയറിലൂടെ മകൻ കരകയറി. ഇതു കണ്ടുനിന്ന ചില യാ ത്രക്കാർ അച്ഛന്റെ പ്രവൃത്തി കുറെ ക്രൂരമായിപ്പോയെന്ന് പറഞ്ഞ് കുറ്റപ്പെടുത്തി. കുട്ടിയോടും നീ എന്ത് വിഡ്ഢിത്തമാണ് കാണിച്ച ത് കയർ പൊട്ടിയിരുന്നങ്കിൽ നീ ഇതിൽവീണ്ചത്തുപോകത്തില്ലാ യിരുന്നോ? എന്നൊക്കെ പറഞ്ഞ് കുറ്റപ്പെടുത്തി. അപ്പോൾ ആ മോൻ പറഞ്ഞു "ചേട്ടൻമാരെ നിങ്ങൾ എന്തിന് വിഷമിക്കണം. എന്നെ കിണറ്റിലേക്കിറക്കിയത് അച്ഛനാണ്. എന്നെ കെട്ടിയ കയ റിന്റെ തുമ്പ് അച്ഛന്റെ കയ്യിൽ സുരക്ഷിതമാണ്. എനിക്ക് എന്ത് സംഭവിച്ചാലും അച്ഛൻ എന്നെ രക്ഷപ്പെടുത്തുമെന്ന് എനിക്കറിയാം. കഷ്ടം നിങ്ങൾക്കതറിയില്ലല്ലോ" നമ്മളൊക്കെ യാദൃശ്ചികമായി ഈ ലോകത്ത് വന്ന് പെട്ടതല്ല. നമ്മെയൊക്കെ ബന്ധിച്ചിരിക്കുന്ന കയ റിന്റെ തുമ്പ് ഈ പ്രപഞ്ചശക്തിയുടെ കൈകളിൽ സുരക്ഷിതമാ ണ്. ആദ്യം ആ ബോധം കുട്ടിക്കുള്ളതുപോലെ നമുക്കുണ്ടാവണം. എന്നിട്ട് നിർഭയമായി സ്വന്തം പണിയെടുത്തുകൊള്ളുക. ചിന്തിച്ചാൽ നമ്മൾക്കും പലവിധ ശാരീരിക മാനസിക രോഗങ്ങളുമുണ്ട്. ആരു ടെയെങ്കിലും മനസ്സ് ആരോഗ്യമുള്ളതാണോ? കാരുണ്യകഷായ മാണ് നമ്മുടെ ഒക്കെ രോഗത്തിനുള്ള ഒറ്റമൂലി അതിന്റെ ഇലയിട്ട് കഷായം വെച്ച് കുടിക്കുക, എല്ലാം ശുഭമാകും.

ചർച്ചകളും കഥകളുമായി നീങ്ങവെ സൂര്യാസ്തമയ സമയ മായി. പകലത്തെ പണി കഴിഞ്ഞ് അസ്തമിക്കാറായപ്പോൾ ആകാ ശത്തിലിതാ സൂര്യഭഗവാന്റെ മനോഹരമായ ദൃശ്യ വിരുന്ന്. അതു നോക്കി ഇരുന്ന് മാനുഷികധ്യാനം നടത്തി. ധ്യാനം കഴിഞ്ഞപ്പോൾ ഇതാ വീണ്ടും ഒരു വിരുന്ന്. ജോളിയും ലതയും ചേർന്നൊരുക്കിയ പലഹാര വിരുന്ന്. എല്ലാം ഭുജിച്ച് ആതിഥേയർക്ക് മംഗളം നേർന്ന് വീണ്ടും വരാമെന്ന് പറഞ്ഞ് ഞങ്ങൾ യാത്ര പറഞ്ഞു. പ്രതിമാസ യോഗം ഡിസംബർ 1 ഞായർ 5 മുതൽ 7 വരെ നീർക്കുന്നം ധന്യ.

# പൊതു വിവരങ്ങൾ

## 'ഭൂമിക'–പുരസ്കാര സമർപ്പണം 1

പൂഞ്ഞാറിലെ സാമൂഹ്യപ്രവർത്തകരുടെ ഒരു കൂട്ടായ്മയാണ് ഭൂമിക. ഭൂമിയുടെ സമതുലിതാവസ്ഥ പരിസ്ഥിതി രംഗത്തും ആരോഗ്യ രംഗത്തുമൊക്കെ താറുമാറായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് കൃഷിയിലൂടെയും ബോധവൽക്കരണത്തിലൂടെയും എല്ലാം ഒന്നു നേരേചൊവ്വേ കൊണ്ടുപോകാൻ ശ്രമിക്കുന്ന സുമനസ്സുകളാണ് ഭൂമികയിലുള്ളവർ. അവരുടെ ആദർശപുരുഷനാണ് കുറുപ്പുസാർ. ഭൂമിക ഓരോ വർഷവും ഏറ്റവും നല്ല സാമൂഹ്യപ്രവർത്തകരെ കണ്ടെത്തി "പങ്കജാക്ഷക്കുറുപ്പ് പുരസ്കാരം" നൽകിവരുന്നു. ഈരാറ്റുപേട്ടയിലെ പ്രകൃതിജീവനകേന്ദ്രത്തിൽ ആയിരങ്ങൾക്ക് പ്രകൃതിജീവന നിർദ്ദേശങ്ങൾ സൗജന്യമായി നൽകിവരുന്ന ജൈവകർഷകനായ ശ്രീ.റോയി പ്ലാന്തോട്ടത്തിനാണ് ഈ വർഷത്തെ പുരസ്കാരം. അതിന്റെ സമർപ്പണത്തിനായി ദർശത്തെയും ക്ഷണിച്ച ഭൂമികയ്ക്ക് പ്രണാമം.

ശ്രീ.ജോർജ് മൂലേച്ചാലിൽ നടത്തിയ മാനുഷികധ്യാനത്തോടെ യോഗം ആരംഭിച്ചു. കുറുപ്പുസാറിന്റെ ദർശനം എന്തെന്ന് അദ്ദേഹം യോഗത്തിൽ അവതരിപ്പിച്ചു. ശ്രീ.കെ.ഇ.ക്ലമന്റ് അദ്ധ്യക്ഷത വഹിച്ചു. "ഭക്ഷ്യ ആരോഗ്യ സ്വരാജ്" ചെയർമാനും സിനിമാനടനുമായ ശ്രീ.അനൂപ്ചന്ദ്രൻ യോഗം ഉദ്ഘാടനം ചെയ്തു. രാസവളങ്ങളും കീടനാശിനികളും ഒഴിവാക്കി നമ്മുടെ പരമ്പരാഗത കൃഷിരീതികളെ പോഷിപ്പിക്കുക. അതിനായൊരു കാർഷിക സർവ്വകലാശാല ഉണ്ടാക്കാനുള്ള ശ്രത്തിലാണ് അനൂപ്ചന്ദ്രൻ. നമ്മുടെ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് അദ്ദേഹം വിവരിച്ചു. സാധുക്കളായ സ്ത്രീകൾക്ക് ഒന്നിക്കുവാനും സാമ്പത്തിക സഹായം ലഭിക്കുന്നതിനും ഇത് വളരെ നല്ലതാണ്. എന്നാൽ ഇവരുടെ പ്രവർത്തനം കൃഷിയിലേക്കാണ് തിരിയേണ്ടത്. ഇപ്പോൾ ഭൂമിയുടെ അടിക്കാടുകൾ വെട്ടി ശുചീകരിക്കുവാനാണ് അവർക്ക് നിർദ്ദേശം. ഔഷധസസ്യങ്ങളാൽ സമ്പുഷ്ടമായ ഈ അടിക്കാട് നമ്മുടെ ആരോഗ്യരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണ്. എന്നാൽ ഇതിനു ഫണ്ടുതരുന്നത് ലോകത്തിലെ വൻകിട മരുന്നു കമ്പനിക്കാരാണ്. അവരുടെ തൊഴിലുറപ്പിനുവേണ്ടി

നമുക്ക് പണംതന്ന് നമ്മുടെ മിത്രങ്ങളും മരുന്നു കമ്പനിക്കാരുടെ ശത്രുക്കളുമായ ഔഷധസസ്യങ്ങളെ നാംതന്നെ വെട്ടി നശിപ്പിക്കുന്നു. നമ്മുടെ ആരോഗ്യത്തിന്റെ തകർച്ചയും ഔഷധക്കമ്പനികളുടെ വളർച്ചയും സംഭവിക്കുന്നു. നാം ഒരു വീണ്ടുവിചാരത്തോടെ ഉണർന്നെണീറ്റില്ലെങ്കിൽ ഭൂമിയുടെ ആവാസ വ്യവസ്ഥക്കുതന്നെ നാശം സംഭവിക്കും. കഞ്ഞിപ്പാടത്തുവച്ച് കുറുപ്പുസാറിന്റെ വാത്സല്യത്തിനു പാത്രമായ ശ്രീ.എബി ഇമ്മാനുവലാണ് ഈ പരിപാടികൾക്ക് ചുക്കാൻ പിടിക്കുന്നത്. ജൈവകൃഷി നടത്തുന്ന ശ്രീ. ലൂക്കാച്ചേട്ടൻ തന്റെ കൃഷിയിടത്തിലെ പാവയ്ക്കായുമായി വന്ന് നടത്തിയ കൃഷിപാഠം അവേശകരമായിരുന്നു. ശ്രീമതി റോസ് വൈപ്പന, ജോൺസാർ, എ.പി.ജോസഫ് തുടങ്ങിയവരും കൃഷിയിലെ അനുഭവങ്ങൾ സദസ്സിന് വിശദീകരിച്ചു.

ശാരീരികവും മാനസികവും സാമൂഹ്യവുമായ ഉന്നമനത്തിന് വിഷമയമായ ഭക്ഷണത്തിൽനിന്നും മരുന്നുകളിൽ നിന്നും സ്വതന്ത്രരാകുവാൻ, നമ്മുടെ പരമ്പരാഗത കൃഷി സമ്പ്രദായങ്ങളിലേക്ക് മടങ്ങിപ്പോകുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് ഭൂമികയുടെ കൂട്ടായ്മയ്ക്ക് തിരശ്ശീല വീണത്. ഇടയ്ക്ക് ലഘുഭക്ഷണങ്ങളും ഊണും തന്നാണ് ഭൂമിക ഞങ്ങളെ യാത്രയാക്കിയത്. എല്ലാവർക്കും ദർശത്തിന്റെ നമസ്കാരം.

## സുഭാഷ് പലേക്കർ 2

കൃഷി ലാഭകരമാകുവാനും ഭക്ഷണം വിഷരഹിതമാകുവാനും പലേക്കർ മോഡൽ കൃഷി ചെയ്യുക. ശ്രീ.പലേക്കർ കൃഷിശാസ്ത്രജ്ഞനും തികഞ്ഞ ഗാന്ധിയനുമാണ്. പരമ്പരാഗത കൃഷിയിലെ നന്മകളെ അടിസ്ഥാനമാക്കിക്കൊണ്ട് രൂപംകൊടുത്ത ഒരു കൃഷിരീതിയാണ് സിറോ ബജറ്റ് നാച്വറൽ ഫാമിംഗ്. പരിശീലന ക്യാമ്പ് 2014 ഫെബ്രുവരി 1 മുതൽ 7 വരെ പത്തനംതിട്ടയിലെ അടൂരിൽ മാർത്തോമ യൂത്ത് സെന്ററിൽ സുഭാഷേപലേക്കർ ഈ കൃഷിരീതി പഠിപ്പിക്കുന്നു. വടക്കൻ ജില്ലകളിലെകർഷകർക്കുവേണ്ടി ഫെബ്രുവരി 11 മുതൽ 17 വരെ നിലമ്പൂർ ടൗണിൽ ഒ.സി.കെ. ആഡിറ്റോറിയത്തിലും പരിശീലനക്യാമ്പ് ഉണ്ടായിരിക്കുന്നതാണ്. ഫോൺ നമ്പർ 9446190840, 9446350670.

## ജെ.പിയുടെ പദയാത്ര 3

ഒരു ചെറിയ വലിയ വിഷയത്തിൽ ജെ.പി വേളമാനൂർ ഇടപെടുന്നു. ഒരു രൂപയ്ക്ക് അരി കിട്ടുന്ന നാട്ടിൽ മലമൂത്ര വിസർജ്ജനത്തിന് 5 രൂപ കൊടുക്കേണ്ടിവരുന്ന ഗതികേട് മാറ്റുവാൻ കാസർകോഡുനിന്നും തിരുവനന്തപുരത്തേക്ക് ജേപ്പി തനിയെ ഒരു പദയാത്ര നടത്തി. കംഫർട്ട് സ്റ്റേഷനുകളെ ദുർഗന്ധത്തിൽനിന്നും നാണയത്തിൽനിന്നും മുക്തമാക്കുവാൻ അധികാരികളെ ഉണർത്താനാണീ യാത്ര. ലഘുലേഖകൾ വിതരണം ചെയ്തും സുഹൃത്തുക്കളുമായി കണ്ടും വഴിയോരങ്ങളിലുറങ്ങിയുമൊക്കെയായിരുന്നു ഈ ഏകാന്തപഥികന്റെ പ്രചാരണം. ഇവിടെയുമെത്തി. ഇടയ്കൊക്കെ സഹധർമ്മിണി ശ്രീകലയും ഒപ്പംകൂടി. തിരുവനന്തപുരത്തെത്തി അധികാരികൾക്ക് നിർദ്ദേശം കൈമാറി. ജേപ്പിക്ക് ദർശനത്തിന്റെ അഭിവാദനങ്ങൾ.

## മാനുഷികധ്യാനം 4

പുതുവർഷത്തെ വരവേൽക്കാൻ ഡിസംബർ 31 വൈകിട്ട് 7ന് നീർക്കുന്നം ധന്യയിൽ നമുക്കൊത്തുകൂടാം. പുതുവർഷപ്പിറവി പുതിയ തുടക്കങ്ങൾക്കുള്ള അവസരമാണ്. കഴിഞ്ഞകാലത്തിൽനിന്നും പാഠങ്ങൾ പഠിച്ച് പഴമയുടെ ജീർണ്ണതകൾ അകറ്റി നല്ല സ്വപ്നങ്ങൾകണ്ട് പുതിയ ഒരു ഉണർവ്വോടെ 2014നെ നമുക്ക് വരവേൽക്കാം. രാത്രി 12 കഴിഞ്ഞ് ജനുവരി ഒന്നിലേക്ക് പ്രവേശിക്കുമ്പോൾ നീർക്കുന്നം കടപ്പുറത്താണ് ധ്യാനം. പുതുവർഷപ്പിറവിയിൽ നാമെല്ലാം ഒന്നാണെന്ന് ഓർക്കാനുള്ള അവസരം. ഒന്നായാൽ നന്നാകാമെന്ന് തിരിച്ചറിയാനുള്ള ധ്യാനം. നമ്മെക്കുറിച്ചു തന്നെ ചിന്തിച്ചുകൊണ്ടിരുന്നാൽ ജീവിതാനന്ദം ലഭിക്കുകയില്ല. അത് ലഭിക്കാനുള്ള ടെക്നോളജിയാണ് മറ്റുള്ളവരെക്കുറിച്ചുംകൂടി ചിന്തിക്കുക എന്നുള്ളത്. ആ സ്നേഹപ്രവാഹത്തിലൂടെ സഞ്ചരിച്ചാൽ ഈ സമുദ്രതീരത്തുനിന്നും ശാന്തിയുടെ തീരത്തേക്ക് നമുക്ക് യാത്ര തുടരാം. കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഒരു വലിയ സുല്ല്. ശിഷ്ടകാലം നമുക്ക് പരസ്പരാനന്ദമായി ജീവിക്കാം. എവിടെ ഇരുന്നും മാനുഷകധ്യാനം ചെയ്യാം. അടുത്തൊക്കെ ഉള്ളവർ പങ്കെടുക്കുക. രാത്രി കഞ്ഞിയും കുടിച്ച് ധ്യാനവും കഴിഞ്ഞ് സൗകര്യംപോലെ

വീടുകളിലേക്ക് പോകാം.

## ജയന്തി 5

കുറുപ്പുസാറിന്റെ 91-ാം ജന്മദിനം ജനുവരി 14 വ്യാഴാഴ്ചയാണ്. ഓർമ്മയിൽ സൂക്ഷിക്കുക. പ്രത്യേക പരിപാടികളൊന്നും ഉദ്ദേശിച്ചിട്ടില്ല. മനസ്സ് നന്നാവട്ടെ. മനസ്സിപ്പോൾ നമ്മുടെ നിയന്ത്രണത്തിലാണോ, എങ്കിൽ ഒന്നും ഭയപ്പെടാനില്ല. ജീവിതം ഭാസുരമാകും. അതോ നാം മനസ്സിന്റെ നിയന്ത്രണത്തിലാണോ. എങ്കിൽ സ്വാതന്ത്ര്യത്തിനായി ഒരു പോരാട്ടം വേണ്ടിവരും. നമ്മിലുള്ള ദുർവാസനകളേയും ദുഷ്ചിന്തകളേയും അഗ്നിയിൽ ആഹുതി ചെയ്ത് സ്വഭാവശുദ്ധിക്കായി മൈത്രീഭാവനയും ധ്യാനവും ശീലിക്കേണ്ടതാണ്. കൂട്ടായി പരിശ്രമിക്കാം.

## കലണ്ടർ 6

2014ലെ ദർശനം കലണ്ടർ നമ്മുടെ പ്രസ്സിൽ ബാബു തയ്യാറാക്കുന്നുണ്ട്. സാധാരണ കലണ്ടർതന്നെ. കുറുപ്പുസാറിന്റെ സന്ദേശവും ചിത്രവും ഉൾപ്പെടുത്തിയിട്ടുള്ള കലണ്ടർ ആവശ്യാനുസരണം വിതരണം ചെയ്യാം.

## ജൈവകർഷക പഠനയാത്ര 7

കോട്ടയത്തുനിന്നും ടൂറിസ്റ്റ് ബസിൽ നെന്മാറ പാലക്കാട് മണ്ണാർകാട്, അട്ടപ്പാടി, അഗളി തുടങ്ങിയ സ്ഥലങ്ങളിലെ ജൈവകൃഷിയിടങ്ങൾ സന്ദർശിച്ച് പഠനം നടത്തുവാൻ ഡിസംബർ 14ന് യാത്ര പുറപ്പെടുന്നു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 9947997860, 0481 2303301

## ഉത്തരാഖണ്ഡ് യാത്ര 8

ദർശനം കുടുംബാംഗമായ ശ്രീ.ചന്ദ്രൻ പുറക്കാട് കുറുപ്പുസാറിന്റെ ചിന്തകളെ ചുറ്റിപ്പറ്റിയാണ് ഭ്രമണം ചെയ്യുന്നത്. അതിനാൽ യാത്രകളിൽ ബന്ധപ്പെടുന്ന പല മിത്രങ്ങളെയും ദർശനത്തിന് സമ്മാനിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കേദാർനാഥ് യാത്രാനുഭവങ്ങൾ, ദേവതാത്മാവായ ഹിമവാന്റെ സൗന്ദര്യം, നേരിൽകണ്ട പ്രളയം ഇവയൊക്കെ ദർശനത്തിലേക്ക് ആവാഹിക്കുന്നു. സ്ഥലപരിമിതിയാൽ അടുത്ത ലക്കം മുതൽ വായിക്കാം.

## കണ്ണാടി നോക്കിയപ്പോൾ 9

പത്രാധിപരാണുപോലും! എന്നാൽ മാസംതോറും പത്രം ഇറക്കുകയില്ല. ഡോക്ടറാണുപോലും! എന്നാൽ ഹോമിയോപ്പതി പുസ്തകം തുറന്നു നോക്കുകയില്ല. പിന്നെ എന്താണ് പണി? ദർശനത്തിലെ സന്ദേശങ്ങൾ സമൂഹത്തിനാകെ വെളിച്ചം നൽകുന്നതാണെങ്കിലും ലൈറ്റ്ഹൗസിന് ചുവട്ടിൽ ഇപ്പോഴും നല്ല ഇരുട്ടാണ്. എന്തോ, ഏതോ, എങ്ങിനെയോ ചില കാര്യങ്ങളൊക്കെ കുറുപ്പുസാറിന്റെ വിശ്വസ്തതയിൽ നടന്നുപോകുന്നു എന്നതാണ് വാസ്തവം. മടിശീലവഴി ചില കാര്യങ്ങൾ നടക്കുന്നുണ്ടെങ്കിലും ഒന്നിനും വ്യക്തമായ കണക്കോ വ്യവസ്ഥയോ ഇല്ല. ഇനിയൊട്ട് ഉണ്ടാകാനും പോകുന്നില്ല. ഒക്ടോബർ 31ന് ലതയുടെ സഹോദരപുത്രി ലക്ഷ്മിയുടെ വിവാഹമായിരുന്നു. വിവാഹത്തിന് മകളും കുടുംബവും ദുബായിൽനിന്ന് എത്തി. മകളുടെ കുട്ടി ചാരുവിനെയും കളിപ്പിച്ച് കടപ്പുറത്ത് കക്കായും പെറുക്കി നടന്നു. സമയത്തിന് പത്രം ഇറക്കിയില്ല. എന്തൊരുത്തരവാദിത്വം. ദർശനത്തിന് ആരോടും പുതിയതായി ഒന്നും പറയാനില്ല. പത്രം കിട്ടാത്തപ്പോൾ പഴയ ലക്കങ്ങൾ തേടി വായിക്കുക. വായിക്കുംതോറും അച്ഛന്റെ സന്ദേശങ്ങളുടെ മാറ്റ് വർദ്ധിക്കും. ആ പ്രകാശധാരയിലൂടെ ജീവിതയാത്ര സുന്ദരമാക്കാം.

## ആരണ്യകാണ്ഡം 10

ഡിസംബർ 14, 15 തീയതികളിൽ (ശനി, ഞായർ) എരുമേലി വഴി പമ്പയ്ക്ക് രണ്ടുദിവസത്തെ ഒരു വനയാത്രയ്ക്ക് ഒരുങ്ങുന്നു. 30 കിലോമീറ്റർ ദൈർഘ്യമുള്ള കാഠിന്യമേറിയ ഒരു വനയാത്രയാണ്. മനസ്സിന്റെ കാഠിന്യം മാറ്റി അർദ്രമാക്കാൻ മലകയറ്റം സഹായിക്കുമോ എന്നു നോക്കാം. താൽപര്യമുള്ളവർക്ക് പങ്കെടുക്കാം.

# കത്തുകൾ

1 **ഡോ.അമ്പലപ്പുഴ ഗോപകുമാർ**

പ്രിയ പത്രാധിപർ,

കുറുപ്പുസാറിന്റെ സ്മരണാഞ്ജലിയ്ക്ക് ഇത്തവണ പങ്കുചേരുവാനായില്ല. ദേഹാസ്വാസ്ഥ്യംതന്നെ കാരണം. എല്ലാം ഇവിടെയിരുന്നു തന്നെ നോക്കിക്കണ്ടു. സെപ്റ്റംബർ ലക്കം മുഴുവൻ വായി

ച്ചു. പ്രഭാകരക്കുറുപ്പിന്റെയും കരുവാറ്റാ ചന്ദ്രന്റെയും വേർപാടിലുള്ള അനുസ്മരണങ്ങൾ മനുഷ്യബന്ധങ്ങൾക്ക് ദർശനം നൽകുന്ന വില ആദരിക്കുന്നു.

എല്ലാ ബന്ധങ്ങളും അറ്റുപോകുന്ന, മൂല്യങ്ങൾ അകന്നുപോകുന്ന, ആർദ്രതകൾ വറ്റിപ്പോകുന്ന അഭിശപ്തമായ ഒരവസ്ഥയല്ലേ ഇന്നു കാണുന്നത്. അതിനിടയിൽ ദർശനം കൂരിരുട്ടിൽ തെളിയുന്ന ഒറ്റപ്പെട്ട നക്ഷത്രപ്പൊട്ടായി അനുഭവിക്കുന്നതിലുള്ള ചാരിതാർത്ഥ്യം പറഞ്ഞറിയുക്കുന്നതെങ്ങനെ. നന്മവരട്ടെ എന്ന പ്രാർത്ഥന മാത്രം

---

**2** **അബ്ദുൽഖാദർ നീർക്കുന്നം**
**2282069**

പ്രിയ പത്രാധിപർ,

ഞാനൊരു ദർശനം വായനക്കാരനല്ല. കഴിഞ്ഞ ലക്കം കാണാനിടയായി. അങ്ങനെ കുടുംബസംഗമത്തിനും പങ്കെടുത്തു. നല്ല ഒരനുഭവമായിരുന്നു. ലോകം നന്നാകുവാനായി സ്വയം നന്നാകാൻ ശ്രമിക്കുന്ന സുമനസ്സുകളുടെ ഒരു കൂട്ടായ്മ. അവിടെ പഠനത്തിനെടുത്ത ലഘുലേഖയായ കണ്ണാടിയെന്ന പേരിലാണ് ഞാൻ അറിയപ്പെടുന്നത്. കഴിഞ്ഞ ലക്കത്തിലെ കൊച്ചുവർത്തമാനത്തിൽ കാപ്പിത്തോടിന്റെ ദുരവസ്ഥ 'യഥാതഥാ' വിവരിച്ചിരുന്നല്ലോ. അത് വായിച്ചപ്പോൾ ഇത് എങ്ങനെയാണ് പരിഹരിക്കേണ്ടതെന്ന് ഗൗരവമായി ചിന്തിച്ചു. എല്ലാവർക്കും ഗുണകരമായ ഒരു പരിഹാരം എന്റെ മനസ്സിൽ തെളിഞ്ഞുവന്നു. അതിന്റെ സംക്ഷിപ്തരൂപം മാത്രമാണ് ഈ കത്തിൽ കൊടുക്കുന്നത്. ആവശ്യമുള്ള വേദിയിൽ പൂർണ്ണ രൂപം അവതരിപ്പിക്കാം. **പ്രതിവിധി ഒന്നേഒന്നു മാത്രം**.

കാപ്പിത്തോട്ടിലേക്ക് മാലിന്യവും മലിനജലവും തള്ളിക്കൊണ്ടിരിക്കുന്ന മീറ്റ് കളക്ഷൻ ഷെഡ്ഡുകളും പീലിംഗ് ഷെഡ്ഡുകളും തീരദേശ റോഡിന്റെ പടിഞ്ഞാറുവശം കേന്ദ്രീകരിച്ച് മാറ്റി സ്ഥാപിക്കുക. അങ്ങനെ മാറ്റി സ്ഥാപിക്കുന്നതിൽ നിന്നുണ്ടാകാവുന്ന ഗുണഗണങ്ങളെപ്പറ്റിയാണ് ഇവിടെ പ്രതിപാദിക്കുന്നത്. വാടയ്ക്കൽ മുതൽ പല്ലന, തോട്ടപ്പള്ളി, ആറാട്ടുപുഴ വരെ നിലവിൽ നൂറിലധികം ഷെഡ്ഡുകൾ തീരദേശത്ത് പ്രവർത്തിച്ചുവരുന്നു. അവിടങ്ങളിലൊന്നും മാലിന്യപ്രശ്നമോ ദുർഗന്ധമോ ഉണ്ടായിട്ടില്ല. കാരണം

കടലിൽനിന്നു ലഭിക്കുന്ന ചെമ്മീൻ പൊളിച്ച് കഴുകുന്ന ജലം അപ്പ പ്പോൾതന്നെ കടലിലേക്ക് ഒഴുക്കി വിടുന്നതിൽ യാതൊരുവിധ മാലി ന്യവും ദുർഗന്ധവും ഉണ്ടാകുന്നില്ല. തന്നെയുമല്ല, തീരക്കടലിലെ മത്സ്യങ്ങൾക്ക് തീറ്റയും ലഭിക്കുന്നതിൽ നിന്നും തീരക്കടലിൽ സ്ഥിര മായി ചാകര ലഭിക്കുകയും ചെയ്യും. ചെറുവള്ളത്തിലും കരയോടു ചേർന്നും ധാരാളം മത്സ്യം ലഭിക്കുന്നതിനും ഇത് വഴിയൊരുക്കും. ചെമ്മീൻതൊണ്ട് ഉണക്കിയെടുക്കുവാൻ തീരദേശത്ത് സൗകര്യം ലഭിക്കുന്നിതിനാൽ ഈ ഇനത്തിലും പീലിംഗ്ഷെഡ്ഡ് ഉടമകൾക്ക് നല്ല വരുമാനം ഉണ്ടാകുന്നു. പരിസ്ഥിതി പ്രശ്നങ്ങളോ ആരോഗ്യ പ്രശ്നങ്ങളോ ഉണ്ടാകുന്നില്ല. ഷെഡ്ഡുകൾ മാറ്റി സ്ഥാപിക്കുന്ന തിൽനിന്നും ഉടമസ്ഥർക്ക് യാതൊരുവിധ നഷ്ടങ്ങളും ഉണ്ടാകു ന്നില്ല. ഏറെ ലാഭവും ലഭിക്കുന്നു. ഹൈവേ സൈഡിലെ 10 സെന്റിന്റെ വിലയ്ക്ക് തീരദേശത്ത് 40 സെന്റ് ലഭിക്കും. യാതൊരുവിധ യന്ത്രസാമഗ്രികളും ഉപയോഗിക്കാത്ത ഷെഡ്ഡുക ളാണ് പീലിംഗ് ഷെഡ്ഡിനുള്ളത്. ഇത് മാറ്റി സ്ഥാപിക്കന്നതിന് നാമ മാത്രമായി ചെലവുകളേ വരികയുള്ളൂ. പീലിംഗ് തൊഴിലാളികൾ 90 ശതമാനവും തീരദേശവാസികളായതിനാൽ ഹൈവേയേക്കാൾ സുരക്ഷിതവും അനുയോജ്യവും തീരദേശ റോഡുകളാണ്. തീര ദേശ റോഡിലൂടെ ഇപ്പോൾ ബസ് സർവ്വീസുമുണ്ട്. ഷെഡ്ഡ് ഉടമ സ്ഥർക്ക് എല്ലാവർക്കുംതന്നെ ടൂവീലറുകളും ഫോർവീലറുകളും സ്വന്തമായി ഉള്ളവരാണ്. ഷെഡ്ഡുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഒരാൾക്കുപോലും തൊഴിൽ നഷ്ടപ്പെടുകയോ ആരുംതന്നെ കച്ച വടം നിർത്തുകയോ ചെയ്യേണ്ടിവരുന്നില്ല.

കാപ്പിത്തോടിനോടുചേർന്ന് കാക്കാഴം സ്കൂളിൽ ആയിരക്ക ണക്കിന് വിദ്യാർത്ഥികൾ പകലന്തിയോളം സ്കൂളിലിരുന്ന് ദുർഗന്ധം ശ്വസിച്ച് ശ്വാസകോശ രോഗങ്ങൾക്കടിമപ്പെട്ട് ആരോഗ്യം ക്ഷയിച്ച്, രോഗികളായി മാറിക്കഴിഞ്ഞിരിക്കുന്നു. വളഞ്ഞവഴി-കാക്കാഴം-കമ്പി വളപ്പ് നിവാസികളായ മുഴുവൻ ജനങ്ങളും അവരുടെ വരുതം തലമുറയും ഈ ആരോഗ്യ സാമൂഹ്യ ദുരന്തത്തിലേക്ക് കൂപ്പുകു ത്തിക്കൊണ്ടിരിക്കുന്നു. ഇവരുടെ ഭവനങ്ങളിൽ വിരുന്ന് വരുന്ന വർ ഒരു ഗ്ലാസ് ദാഹജലം പോലും കുടിക്കുവാൻ മടിക്കുന്നു. മാലിന്യ ഗോഡൗണായ കാപ്പിത്തോടിന്റെ ഉറവ കണ്ടെത്തി പരിഹരിക്കു വാൻ ഗവൺമെന്റും എല്ലാ ജനവിഭാഗങ്ങളും ഒന്നിച്ച് ശ്രമിക്കേ

ണ്ടത് നമ്മുടെ നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമാണ്. അതിന് ഈ മാർഗം സ്വീകാര്യമെങ്കിൽ നടപ്പാക്കട്ടെ. നമസ്കാരം.

**3** **കെ.ജി.ബാലകൃഷ്ണപിള്ള**, തിരുവനന്തപുരം

ദർശനം ജൂൺ ലക്കം കിട്ടി, സന്തോഷം. പതിവുപോലെ കിട്ടിയപാടെ വായിച്ചു തീർത്തു. യാത്രയിൽ പങ്കെടുത്തതുപോലെ തോന്നി. ഒറ്റ രാത്രികൊണ്ട് മുപ്പതിനെ അമ്പത്തിരണ്ടാക്കാൻ കഴിഞ്ഞ ചെപ്പടിവിദ്യ സ്തുത്യർഹം തന്നെ. മേനോൻസാറിന് എന്റെയും സ്മരണാഞ്ജലി. പലപ്പോഴും അദ്ദേഹത്തെ കാണാനും സംസാരിക്കാനും എനിക്ക് ഭാഗ്യം കിട്ടിയിട്ടുണ്ട്. മീഡിയയെ കുറിച്ചുള്ള നിരീക്ഷണം നന്നായി. "കുറ്റം കേട്ടാൽ അത് ചെവിയിൽനിന്ന് വായിലേക്ക് വരാതെ വിവേകത്തിൽ വച്ച് ചുട്ടു കളയൂ" എന്ന ഉദ്ബോധനം എത്ര ശ്രേഷ്ടം. ലളിതമെന്നു തോന്നുമെങ്കിലും പ്രയോഗത്തിലെത്തിക്കാൻ നന്നായി പരിശ്രമിക്കണം. പുരസ്കാര ലബ്ധിയിൽ ശ്രീ.ദേവദത്ത് ജി.പുറക്കാടിന് അഭിനന്ദനം. ശ്രീ.ബാഷയുടെ കവിത നന്നായിരിക്കുന്നു. യാത്രാവിവരണത്തിന് ശേഷം വായിച്ചപ്പോൾ അതേറെ ആസ്വാദ്യമായി. ഇടയ്ക്കൊരു ലക്കം മുടങ്ങിപ്പോയാലും ഖേദിക്കേണ്ട, ശീലമാക്കാതിരുന്നാൽ മതി.

*(പ്രസിദ്ധീകരിക്കാൻ വൈകിയ കത്ത്)*

## സ്മരണാഞ്ജലിയിലെ ജൈവാർച്ചനകൾ

സർവ്വശ്രീ. ജേക്കബ് സെബാസ്റ്റ്യൻ, എടത്വ-550, വേണു, തുരുത്തേൽ-100, പ്രശാന്ത്, അമ്പലപ്പുഴ-150, കമലമ്മ, പ്രശാന്തി-500, നാസർ, ആലപ്പുഴ-100, സുഷമാ മുരളീധരമേനോൻ-500, ഇന്ദിര നരേന്ദ്രനാഥ്-500, രമാനായർ, എറണാകുളം-500, രാമകൃഷ്ണ പിള്ള, വൈശ്യംഭാഗം-100, ഗിരിജാമോഹൻലാൽ, എറണാകുളം-500, താജുദ്ദീൻ, കണ്ടത്തിൽപറമ്പ്-100, സതീഷ്ചന്ദ്രൻ, അമ്പലപ്പുഴ-200, സോമശേഖരൻനായർ, തിരുവനന്തപുരം-250, അശോകൻ, കളപ്പുരയ്ക്കൽ-100, മുഹമ്മദ്അലി, കളർകോട്-200, അഷറഫ്, മാതൃഭൂമി-200, സുധീർ, ഗുരുപുരം-100, കൃഷ്ണദാസ് സാർ, അമ്പലപ്പുഴ-500, സരോജനികൃഷ്ണൻ-500, സീതാദേവി, ഗാന്ധിസ്മാരകനിധി-500, രാജപ്പൻപിള്ള, കരുമാടി-500, കുര്യൻചേട്ടൻ, കോട്ടയം-500,

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

→ സുരേഷ്,തോട്ടപ്പള്ളി-250, സോമച്ചേട്ടൻ, കുന്നന്താനം-200, അപ്പുക്കുട്ടൻസാർ, ശാസ്താംകോട്ട-500, ഗോപിനാഥപിള്ള, മാവേലിക്കര-100, ജി.പി.നായർ-250, ഷൺമുഖൻ, ആലപ്പുഴ-200, ചെല്ലപ്പൻസാർ, കാക്കാഴം-300, രാമചന്ദ്രകൈമൾ, ചില്ലാമഠം-200, ബോസ്ചേട്ടൻ, ആലപ്പുഴ-300, വിശ്വനാഥൻ, കഞ്ഞിപ്പാടം-100, അബ്ദുൽഹക്കിം, ആര്യാട്-200, ചന്ദ്രൻ പുറക്കാട്-250, അനിത ടീച്ചർ, നീർക്കുന്നം-100, സോമനാഥകുറുപ്പ്, കളർകോട്-500, സരോജനി, മുരളീസദനം-150, സനൽകുമാർ, എസ്.ബി.റ്റി മാനേജർ, അമ്പലപ്പുഴ-300, പ്രസന്നകുമാരി, തറമേഴം,വണ്ടാനം-1000.

സ്മരണാഞ്ജലിക്ക് രജിസ്ട്രേഷൻ കൗണ്ടർ ഒഴിവാക്കിയിരുന്നു. പണം നൽകുവാനുള്ള പ്രേരണ ഉണ്ടാകാതെയിരിക്കുവാനാണ് അങ്ങനെ ചെയ്തത്. എന്നിട്ടും മടിശീലയിൽ വേണ്ടത്ര പണം വരുന്നു. ദർശനത്തിന്റെ കൊച്ചുകൊച്ച് ആവശ്യങ്ങൾ മടിശീല കൊണ്ട് നടന്നുപോകുന്നു. എല്ലാവർക്കും പ്രണാമം.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306